# വാട്ട്സാപ്പ് ഗ്രൂപ്പ് പോസ്റ്റിംഗ് – അഡ്മിൻ കേസിൽ പ്രതിയാകില്ല

ഷെറി

വാട്ട്സ്പ്പ് ഗ്രൂപ്പിൽ ആളെ ചേർക്കുന്നത് അഡ്മിനാണ്. അങ്ങനെ ചേർത്ത ആളുകൾ പലസ്വഭാവക്കാരായിരിക്കും. എല്ലാവരുടെയും മനസ്സിലിരുപ്പും കൈയ്യിലിരുപ്പും അഡ്മിനെങ്ങനെ അറിയും? പക്ഷെ എന്നാലും ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്ന ക്രിമിനൽ കുറ്റകരമായ പോസ്റ്റിംഗികുൾക്ക് അഡ്മിനെകൂടി പ്രതി ചേർക്കുന്ന തരത്തിലാണ് കാര്യങ്ങൾ നടന്നുവന്നിരുന്നത്. എന്നാൽ 2016 നവംബർ 29 ന് ഒരു സിവിൽ കേസിൽ ഡൽഹി ഹൈക്കോടതി മറിച്ചു പറഞ്ഞു. രാജ്യത്ത് പല സ്ഥലത്തും നിരവധി അറസ്റ്റുകൾ ഈ വിഷയത്തിൽ നടന്നിട്ടു്. അതുകൊ് തന്നെ മാനഹാനിക്ക് നഷ്ടപരിഹാരമാവശ്യപ്പെട്ടുകൊുള്ള സിവിൽ കേസിലാണെങ്കിലും ഈ വിധി വിവരസാങ്കേതിക മേഖലയിൽ പ്രാധാന്യമുള്ളതാണ്. ആശിഷ് ബല്ലയും സുരേഷ് ചൗധരിയും തമ്മിലുളള് കേസിലാണ് വിധി.

## ആളുകളെ നീക്കം ചെയ്യാൻ ബാധ്യതയു്

കുറ്റകരമായ കാര്യങ്ങൾ ചെയ്ത അംഗങ്ങളെ നീക്കം ചെയ്യാൻ അഡ്മിന് ബാധ്യതയു് എന്ന നിയമവശം ഈ കേസിൽ ഉന്നയിക്കപ്പെട്ടില്ല. അക്കാര്യത്തെ സംബന്ധിച്ച് വാദമില്ലാതിരുന്നതിനാൽ ആ ബാധ്യത അങ്ങനെ തന്നെ തുടരും. കോടതി ഉത്തരവുകളിലൂടെയും ആളുകളെ നീക്കം ചെയ്യാൻ അഡ്മിനോട് ആവശ്യപ്പെടാം. ഇൻഫർമേഷൻ ടെക്നോളജി നിയമം വകുപ്പ് 67 പ്രകാരവും ഐ പി സി 153എ, വകുപ്പ് 34 പ്രകാരവുമെല്ലാം നിരവധി കേസുകൾ 2016 കാലഘട്ടത്തിൽ അഡ്മിൻമാർക്കെതിരെ എടുത്തിരുന്നു.

## അഡ്മിൻ ഇൻർമീഡിയറി (മധ്യവർത്തി) അല്ല

നിയമത്തിൽ പറയുന്നതതു പ്രകാരമുള്ള ഇന്റർമീഡിയറി ആയി വാട്ട്സാപ്പ് ഗ്രൂപ്പ് അഡ്മിനെ കണക്കാക്കാനാകില്ല എന്ന് ഈ കേസിൽ കോടതി പറഞ്ഞു. വാട്ട്സാപ്പ് ഗ്രൂപ്പുകളിൽ പോസ്റ്റിംഗ് നടത്തുന്ന സമയം അഡ്മിൻ സാങ്കേതികമായി ഇന്റർമീഡിയറി എന്ന ജോലിയിൽ വരില്ല. പരസ്പരം പരിചയമില്ലാത്തയാളുകളെ ഒരു വേദിയിൽ കൊുവരുന്നുവെങ്കിലും അഡ്മിൻ ഇന്റർമീഡിയറി ആകില്ല. അങ്ങനെയായാൽപ്പോലും അഡ്മിന് ഐ ടി നിയമം വകുപ്പ് 79 ന്റെ സംരക്ഷണം ലഭിക്കും.